**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4258** | **17.05.2017-ൽ മറുപടിക്ക്** |

## ഇതര സംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | വലിയ തോതിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം സമ്പദ്ഘടനയിലും സാമൂഹ്യരംഗത്തും ചെലുത്തുന്ന സ്വാധീനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടില്ല. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ രേഖപ്പെടുത്തി സൂക്ഷിക്കണം എന്ന വ്യവസ്ഥ ഇപ്പോഴും സംസ്ഥാനത്ത് കുറ്റമറ്റ രീതിയിൽ നടപ്പിലായിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി), (സി) & (ഡി) | ഇതര സംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാനും നിരീക്ഷിക്കാനും ഇവരെ സംബന്ധിച്ച വിവരം ശേഖരിച്ച് അതാത് പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുവാൻ പോലീസ് ആസ്ഥാന എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/09 പ്രകാരം SHO-മാർക്ക് നിലവിൽ നിർദ്ദേശമുണ്ട്. ഇപ്രകാരമുള്ള വിവരശേഖരണത്തിന് നിയമപരമായ പിൻബലമില്ലാത്തതിനാൽ പരിമിതികളും സാങ്കേതിക ബുദ്ധിമുട്ടുകളുമുണ്ട്. ആയതിനാൽ മേൽ നിർദ്ദേശം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാനാവുന്നില്ല.<br>ഇവരെ ജോലിക്ക് നിയോഗിക്കുന്ന തൊഴിൽ ദാതാക്കൾ ഇവരുടെ വിവരങ്ങൾ ശേഖരിച്ചു പോലീസ് സ്റ്റേഷനിൽ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ ബേസ് തയ്യാറാക്കുന്നുണ്ടെങ്കിലും ഇപ്രകാരമുള്ള വിവരശേഖരണത്തിന് നിയമപരമായ പിൻബലമില്ലാത്തതിനാലും ഇവർ കൂടെക്കൂടെ സ്ഥലം മാറുന്നതിനാലും ഇത് കുറ്റമറ്റതാക്കാനാവുന്നില്ല.<br>ഭരണഘടനാപരമായ എല്ലാവിധ അവകാശങ്ങളും ഉള്ള ഇന്ത്യൻ പൗരന്മാരാണ് ഇതര സംസ്ഥാന തൊഴിലാളികളും. ഇന്ത്യൻ ഭരണഘടനയുടെ Article 19(1) പ്രകാരം ഏതൊരു ഇന്ത്യൻ പൗരനും |
| (സി) | ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | ഇതിന് ആവശ്യമായ സംവിധാനങ്ങൾ പോലീസിന് ഉണ്ടോയെന്നും ഉള്ളവ പര്യാപ്തമാണോ എന്നും വിലയിരുത്തിയിട്ടുണ്ടോ? | | |

| | | | |
|---|---|---|---|
| | | | ഇന്ത്യയിലെവിടെയും ജോലിചെയ്യുന്നതിനുള്ള അവകാശമുണ്ട്. ഒരു സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഒരു വ്യക്തി മറ്റൊരു സംസ്ഥാനത്ത് നിന്ന് വരുന്ന ആളാണ് എന്നതിനാൽ മാത്രം അയാളുടെ മേൽ പോലീസ് നിരീക്ഷണം ഏർപ്പെടുത്തുന്നത് ഭരണഘടനാപരമായി തെറ്റാണ്. തൊഴിൽ വകുപ്പ് ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ